DESPATCHED
On..05/01/22

07/01/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 2655*(2)/2015*/*എസ്.ഐ.സി.*തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം**
**(ഫയൽ നമ്പർ 18715/*എസ്.ഐ.സി-ജി 6/2015*)**

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീമതി. വിമല. ജെ,
അസിസ്റ്റന്റ് മാനേജർ,
കെ.എസ്.എഫ്.ഇ കുളത്തൂപ്പുഴ ബ്രാഞ്ച്,
കൊല്ലം. } അപ്പീൽ ഹർജിക്കാരി

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കെ.എസി.എഫ്.ഇ ഹെഡ് ഓഫീസ്,
തൃശ്ശൂർ – 680 020.

2. അപ്പീൽ അധികാരി & മാനേജിംഗ് ഡയറക്ടർ (ഇൻചാർജ്),
കെ.എസി.എഫ്.ഇ ഹെഡ് ഓഫീസ്,
തൃശ്ശൂർ – 680 020.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 11/08/2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 08/09/2015 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 29/09/2015 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 28/10/2015 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 04/12/2015 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 10/12/2015 |
| ഹിയറിംഗ് നടന്ന തീയതി | 05.01.2022– ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരി<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരിയായ ശ്രീമതി. വിമല ജെ 04/12/2015 തീയതി സമർപ്പിച്ച അപ്പീൽ ഹർജി 10/12/2015 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No. 2655(2)/2015/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാളുടെ വിവരാവകാശ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും, ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കിയില്ല എന്നാണ്.

3. ഒന്നാം എതിർകക്ഷി മുമ്പാകെ 11.08.2015 തീയതി സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

1. 30/06/2015-ന് നടന്ന ബോർഡ് മീറ്റിംഗിന്റെ അജണ്ടയും മിനിറ്റ്സും
2. ടിയാന് ബാധകമായ അച്ചടക്ക നടപടിയുമായി ബന്ധപ്പെട്ട നിയമത്തിന്റെ അല്ലെങ്കിൽ സ്റ്റാൻഡിംഗ് ഓർഡറുകളുടെ ഒരു പകർപ്പും
3. തൃശ്ശൂർ DGM- ന് അയച്ചു കൊടുത്ത ടിയാന്റെ ലീവ് അപേക്ഷയുടെയും, മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും പകർപ്പ് ലഭിച്ച തീയതിയും
4. ഹെഡ് ഓഫീസിൽ നിന്നു DGM അല്ലെങ്കിൽ കോഴിക്കോട് റീജിയണൽ ഓഫീസിലെ എജിഎം-ൽ നിന്നോ ടിയാളുടെ ലീവ് അപേക്ഷ നിരസിച്ചു കൊണ്ടുളള കത്ത് ഉണ്ടെങ്കിൽ അതിന്റെ പകർപ്പും.

മേൽപ്പടി അപേക്ഷയിൻമേൽ ഒന്നാം എതിർകക്ഷി 08.09.2015-ന് ഹർജിക്കാരിക്ക് മറുപടിയും നൽകിയിട്ടുണ്ട്.

4. 29/09/2015 തീയതി ഹർജിക്കാരി രണ്ടാം എതിർകക്ഷി മുമ്പാകെ ഒരു അപ്പീൽ ഹർജി സമർപ്പിച്ചിട്ടുണ്ട്. ആയതിന് 28/10/2015-ന് മറുപടിയും നൽകിയിട്ടുണ്ട്.

5. 01/01/2022 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, 11/08/2015-ൽ ഹർജിക്കാരി സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് ടിയാൾ കെ.എസ്.എഫ്.ഇ ഈരാറ്റുപേട്ട ശാഖയിൽ മാനേജർ ഗ്രേഡ്-IV ആയി സേവനമനുഷ്ഠിച്ചിരുന്ന കാലത്ത് ടിയാളുടെ ഭാഗത്തു നിന്നും ഉണ്ടായ തെറ്റായ നടപടികളെ തുടർന്ന് അവർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടിയുടെ ഭാഗമായി മാനേജർ ഗ്രേഡ്- IV-ൽ നിന്നും അസിസ്റ്റന്റ് മാനേജർ ആയി തരം താഴ്ത്തിയിരുന്നുവെന്നും തുടർന്ന് ടിയാൾ ശിക്ഷാ നടപടികൾക്കെതിരെ ഡയറക്ടർ ബോർഡ് മുമ്പാകെ അപ്പീൽ സമർപ്പിക്കുകയുണ്ടായിയെന്നും, 30/06/2015 തീയതിയിലെ 475-മത് ബോർഡ് യോഗത്തിൽ ശിക്ഷാനടപടി അധികാരിയായ മാനേജിംഗ് ഡയറക്ടർ സ്വീകരിച്ച ശിക്ഷാ നടപടി നിലനിർത്തി കൊണ്ട് ടിയാളുടെ അപ്പീൽ നിരസിക്കുവാനാണ് ബോർഡ് തീരുമാനമെടുത്തതെന്നും, ചോദ്യം 1-ൽ ആവശ്യപ്പെട്ട പകർപ്പ് ലഭ്യമാക്കുന്നതിനായി 2/- രൂപ കെ.എസ്.എഫ്.ഇ അക്കൗണ്ടിൽ ലഭ്യമാകുന്ന വിധത്തിൽ അടയ്ക്കുന്നതിന് അപേക്ഷകയ്ക്ക് നിർദ്ദേശം നൽകിയിരുന്നുവെന്നും പ്രസ്തുത തുക അടച്ചതിനെ തുടർന്ന് ശിക്ഷാ നടപടികൾക്കെതിരെ ടിയാളുടെ അപ്പീൽ പരിഗണിച്ച "അജണ്ട" പരാമർശിക്കുന്ന 475-മത് ബോർഡ് യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പ് 25/09/2015 തീയതിയിലെ നമ്പർ കത്ത് പ്രകാരം ടിയാൾക്ക് ലഭ്യമാക്കിയെന്നും, എന്നാൽ മിനിട്സിന്റെ കോപ്പി മാത്രമെ ലഭിച്ചുള്ളൂവെന്നും അജണ്ട ലഭ്യമാക്കിയില്ല എന്ന ആക്ഷേപം ഉന്നയിച്ചു കൊണ്ട് ടിയാൾ അപ്പീൽ സമർപ്പിക്കുകയും ശിക്ഷാ നടപടികൾക്കെതിരെ ടിയാൾ സമർപ്പിച്ച് അപ്പീൽ 30/06/2015-ന് നടന്ന ബോർഡ് യോഗത്തിൽ ഐറ്റം നമ്പർ 20 ആയി പരിഗണിച്ചുവെന്നും പ്രസ്തുത അജണ്ട പരാമർശിക്കുന്ന ബോർഡ് യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പ് അപേക്ഷകയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കിക്കൊണ്ട് കെ.എസ്.എഫ്.ഇ-യിലെ അപ്പീൽ അധികാരിയായ മാനേജിംഗ് ഡയറക്ടർ മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചുവെന്നും, തുടർന്ന്, അപേക്ഷകയ്ക്ക് 30/06/2015-ന് നടന്ന ബോർഡ് യോഗത്തിന്റെ "അജണ്ട ഐറ്റം നമ്പർ 20" വീണ്ടും നൽകാൻ തീർപ്പ് കൽപ്പിച്ചു കൊണ്ട് അപ്പീൽ അധികാരി 28/10/2015-ൽ നിർദ്ദേശം നൽകിയെന്നും പ്രസ്തുത നിർദ്ദേശം പാലിച്ചു കൊണ്ട് 09/11/2015 തീയതിയിലെ കത്ത് പ്രകാരം ടിയാൾക്ക് വീണ്ടും വിവരം ലഭ്യമാക്കിയെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും, എതിർകക്ഷിയെ കേട്ടതിലും, ഹർജിക്കാരി ആവശ്യപ്പെട്ട ബോർഡ് മീറ്റിംഗിന്റെ അജണ്ടയുടെ കോപ്പി അയച്ചു കൊടുക്കണമെന്നും ടി വിവരം രേഖപ്പെടുത്തിയ റിപ്പോർട്ട് കമ്മീഷനിലേക്ക് അയച്ചു നൽകണമെന്നും ഒന്നാം എതിർകക്ഷിക്ക് നിർദ്ദേശം നൽകുന്നു. മേൽ നിർദ്ദേശ പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം **2022 ജനുവരി 7–ാം** തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

AV